# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6039 — 10/07/2012 - ൽ മറുപടിക്ക്

### വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ കീഴിൽ മീഡിയാ സെന്ററുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.റ്റി.എൻ.പ്രതാപൻ | ശ്രീ. കെ.സി.ജോസഫ്<br>(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| *(എ)* ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ കീഴിൽ മീഡിയാ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;<br>*(ബി)* ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത്; | *(എ)യും (ബി)യും.* ഉണ്ട്. എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ മീഡിയാ സെന്റർ പ്രവർത്തിച്ചു വരുന്നു. സമീപകാലത്ത് പ്രവർത്തനം തുടങ്ങിയ ഇവിടെ പത്ര സമ്മേളനങ്ങളും മറ്റും നടന്നു വരുന്നു. തെരഞ്ഞെടുപ്പ് വേളയിൽ കളക്ടറേറ്റുകൾ കേന്ദ്രീകരിച്ചും തീർത്ഥാടന കാലത്ത് ശബരിമല കേന്ദ്രീകരിച്ചും താത്ക്കാലികമായി മീഡിയാ സെന്റർ പ്രവർത്തിക്കുന്നുണ്ട്. |
| *(സി)* ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | *(സി).* പത്രസമ്മേളനം നടത്തുകയും മാധ്യമ പ്രവർത്തകരുമായി സംവദിക്കുകയുമാണ് ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| *(ഡി)* എന്തെല്ലാം സൗകര്യങ്ങളാണ് ഈ മീഡിയാ സെന്ററുകൾ വഴി ലഭിക്കുന്നത്; വിശദമാക്കുമോ; | *(ഡി)* തെരഞ്ഞെടുപ്പ് വേളയിൽ മാധ്യമങ്ങൾക്കും മറ്റും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നു. ശബരിമല തീർത്ഥാടനകാലത്തെ ഒരുക്കങ്ങൾ, ക്രമീകരണങ്ങൾ, തീർത്ഥാടനം എന്നിവ സംബന്ധിച്ച് വിശദമായി വിവരങ്ങൾ മാധ്യമ പ്രവർത്തകർക്കും ഭക്തജനങ്ങൾക്കും ലഭ്യമാക്കുന്നു. |
| *(ഇ)* സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും മീഡിയാ സെന്ററുകൾ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | *(ഇ)* പരിഗണിക്കുന്നതാണ്. |

R Jayasu

സെക്ഷൻ ഓഫീസർ